"ഭരണഭാഷ- മാതൃഭാഷ"

# പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 863      05.02.2020 ലെ മറുപടിയ്ക്ക്

### വന്യമൃഗങ്ങൾ മൂലമുള്ള നാശനഷ്ടങ്ങൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.എം.ഉമ്മർ | അഡ്വ. കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പമന്ത്രി) |
| (എ) വന്യ മൃഗങ്ങൾ കൃഷി നശിപ്പിക്കുന്നത് തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നതെന്നറിയിക്കാമോ; | (എ) വന്യമൃഗങ്ങൾ കൃഷി നശിപ്പിക്കുന്നത് തടയുന്നതിന് സോളാർ ഫെൻസിംഗും എലിഫെന്റ് പ്രൂഫ് ട്രഞ്ചും, ആന പ്രതിരോധമതിലും നിർമ്മിക്കുകയും ആവശ്യത്തിന് വാച്ചർമാരെ നിയമിക്കുകയും ചെയ്തുവരുന്നുണ്ട്. വന്യമൃഗങ്ങൾ കൃഷിനാശം വരുത്തുന്ന മേഖലകളിൽ എസ്.എം.എസ് അലർട്ട് സിസ്റ്റം വഴി മുന്നറിയിപ്പും നല്കുന്നുണ്ട്. കൃഷിനാശം സംഭവിച്ചവരുടെ അപേക്ഷയിൽ കണക്കാക്കുന്ന നഷ്ടപരിഹാരവും വിതരണം ചെയ്യുന്നുണ്ട്. കൂടാതെ, ജനജാഗ്രതാ സമിതി, വി.എസ്.എസ് എന്നിവയുടെ സേവനവും പ്രയോഗത്തിലുണ്ട്. |
| (ബി) മഞ്ചേരി മണ്ഡലത്തിൽ ഈ നടപടികളുടെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) മഞ്ചേരി മണ്ഡലത്തിൽ ആവശ്യമെങ്കിൽ കൂടുതൽ പ്രതിരോധ നടപടികൾ കൈക്കൊള്ളുന്നതാണ്. അവിടെ നിന്ന് കൃഷിനാശവുമായി ബന്ധപ്പെട്ട് നഷ്ടപരിഹാരത്തിനുള്ള അപേക്ഷകൾ ലഭിക്കുന്ന മുറയ്ക്ക് നഷ്ടപരിഹാരം നല്കിവരുന്നുണ്ട്. |
| (സി) മഞ്ചേരി മണ്ഡലത്തിൽ വന്യജീവി ആക്രമണം മൂലം കഴിഞ്ഞ പത്ത് വർഷത്തിനുള്ളിൽ എത്ര രൂപയുടെ നാശനഷ്ടങ്ങൾ സംഭവിച്ചിട്ടുണ്ട്; വിശദമാക്കാമോ; | (സി) 2010-2011 മുതൽ 2019-2020 കാലയളവ് വരെ 2,45,88,652/- രൂപ ധനസഹായം അനുവദിച്ചിട്ടുണ്ട്. |

| | |
|---|---|
| (ഡി) വന്യ മൃഗങ്ങളുടെ ആക്രമണത്തിൽ ഈ സർക്കാരിന്റെ കാലയളവിൽ എത്ര പേർക്ക് പരിക്ക് പറ്റിയിട്ടുണ്ടെന്ന വിവരം നൽകാമോ; | (ഡി) വന്യമൃഗങ്ങളുടെ ആക്രമണത്തിൽ ഈ സർക്കാരിന്റെ കാലയളവിൽ 1 2 8 പേർക്ക് പരിക്ക് പറ്റിയിട്ടുണ്ട്. |
| (ഇ) പരിക്ക് പറ്റിയവർക്ക് നഷ്ടപരിഹാരം നൽകിയിട്ടുണ്ടോ; വിശദമാക്കാമോ? | (ഇ) പരിക്ക് പറ്റിയവർക്ക് നഷ്ടപരിഹാരമായി 83,11,865/- രൂപ ധനസഹായമായി അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ